<u>പതിനാലാം കേരള നിയമസഭ</u>
<u>നാലാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*376. 16.03.2017 ന് മറുപടിയ്ക്ക്

## ഡി-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. മുകേഷ്<br>,, റ്റി.വി.രാജേഷ്<br>,, വി. അബ്ദുറഹിമാൻ<br>,, ആന്റണി ജോൺ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് പരിശോധിക്കാറുണ്ടോ; പരിശോധിക്കുന്നതിന് സംവിധാനം നിലവിലുണ്ടോ ; | (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ഡി-അഡിക്ഷൻ സെന്ററുകളുടെയും പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് പരിശോധിക്കാറില്ല. എന്നാൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ സാമൂഹ്യ പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായി 2014-15 സാമ്പത്തിക വർഷത്തിൽ ലഹരി വിമുക്ത ചികിത്സാ ധനസഹായം നൽകിയ 11 ഡി-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം എക്സൈസ് വകുപ്പ് പരിശോധിച്ചിട്ടുണ്ട്. ആയതിലേക്കായി 23.8.2013 ലെ ജി.ഒ.(എം.എസ്) നമ്പർ 147/2013/റ്റി.ഡി പ്രകാരം ഒരു മാർഗ്ഗരേഖ രൂപീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരമാണ് മേൽ ഡി-അഡിക്ഷൻ സെന്ററുകൾ പരിശോധിച്ച വരുന്നത്. |
| (ബി) | സംസ്ഥാനതലത്തിൽ ആധുനിക സജ്ജീകരണങ്ങളോടെ ഒരു മാതൃകാ സ്പെഷ്യാലിറ്റി ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ദേശീയ നിലവാരത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു ഡി-അഡിക്ഷൻ സെന്റർ സംസ്ഥാനത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രികളുമായി ബന്ധപ്പെടുത്തി ഡി-അഡിക്ഷൻ സെന്ററുകൾ രൂപീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ- 'വിമുക്തി'യുടെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രികളോട് ചേർന്ന് ഡി-അഡിക്ഷൻ സെന്ററുകൾ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടുകൂടി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ